## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.150 — 21/1/2014- ൽ മറുപടിയ്ക്ക്

# ഇടുക്കി പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>,, ഇ. പി. ജയരാജൻ<br>,, കെ. കെ. ജയചന്ദ്രൻ<br>,, എസ്. രാജേന്ദ്രൻ | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) ഇടുക്കി ജില്ലയുടെ വികസനത്തിനായുള്ള 'ഇടുക്കി പാക്കേജ്' പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത പദ്ധതി നിർവ്വഹണം പൂർത്തിയാക്കേണ്ട കാലാവധി അവസാനിച്ചുവോ; ഇതിനിടയിൽ പാക്കേജിന് അനുവദിച്ച തുകയിൽ എത്ര തുക ചെലവഴിക്കുകയുണ്ടായി; പാക്കേജിന്റെ ഭാഗമായുള്ള അവശേഷിക്കുന്ന പ്രധാന പ്രവൃത്തികൾ എന്തെല്ലാമാണ്; ഇവ പൂർത്തിയാക്കാൻ എത്ര തുക ഇനിയും ആവശ്യമാണ്; വിശദമാക്കുമോ ; | (ബി) ഇടുക്കി പാക്കേജിന് 20/11/2008 ലാണ് കേന്ദ്ര കാബിനറ്റിന്റെ അംഗീകാരം ലഭിച്ചത്. ഇതു പ്രകാരം 21/11/2013 ന് പാക്കേജ് കാലാവധി പൂർത്തിയായി. എന്നാൽ പാക്കേജിൻ കീഴിൽ അംഗീകാരം ലഭിച്ചിട്ടുള്ള വിവിധ പദ്ധതികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇടുക്കി പാക്കേജിന്റെ കാലാവധി രണ്ട് വർഷം കൂടി നീട്ടുന്നതിന് കേന്ദ്രത്തിനോട് അഭ്യർത്ഥിക്കാൻ 15/1/2014 ൽ കൂടിയ സംസ്ഥാന ക്യാബിനറ്റ് യോഗത്തിൽ തീരുമാനിച്ചു. ഇടുക്കി പാക്കേജിൻ കീഴിൽ 2013 ഒക്ടോബർ മാസത്തിലെ കണക്കനുസരിച്ച് 438.21 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയതിൽ 237.78 കോടി രൂപ റിലീസ് ചെയ്യുകയും 167.86 കോടി രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |

പാക്കേജിൻ കീഴിൽ അവശേഷിക്കുന്ന പ്രധാനപ്പെട്ട പദ്ധതികളും അവയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| പദ്ധതി & വകുപ്പ് | ഡിപി ആർ തുക | അംഗീ കാരം ലഭിച്ച ത് | റിലീ സ് | വിനി- യോ- ഗിച്ചത് |
|---|---|---|---|---|
| | തുക കോടിയിൽ | | | |
| ഗ്രാമീണഗതാഗതം (ഗ്രാമവികസനം) | 184.00 | 96.20 | 50.00 | 2.03 |
| നീർത്തട വികസനം (മണ്ണ് സംരക്ഷണം, ബ്ലോക്ക് പഞ്ചായത്ത്) | 188.57 | 40.41 | 2.18 | - |
| ചെക്ക്ഡാം നിർമ്മാണം (ഇറിഗേഷൻ) | 26.00 | 11.60 | 11.60 | 10.18 |
| തെങ്ങ് കൃഷി വികസനം (കൃഷി വകുപ്പ് + സി ഡി ബി) | 9.144 | 1.475 | 1.475 | 1.0562 |
| പാലുല്പാദനം വർദ്ധിപ്പിക്കുന്നതി നുള്ള പദ്ധതി (മൃഗസംരക്ഷണം) | 34.00 | 34.00 | 16.94 | 14.11 |
| പശുക്കളെ ഇറക്കുമതി ചെയ്യുന്നതിനുള്ള പദ്ധതി (മൃഗസംരക്ഷണം) | 17.25 | 17.25 | 9.66 | 9.06 |
| പശുക്കുട്ടി വളർത്തൽ (മൃഗസംരക്ഷണം) | 12.05 | 12.05 | 4.00 | 1.60 |
| ആകെ | 471.014 | 212.985 | 95.855 | 38.0362 |

മേൽപ്പറഞ്ഞ പദ്ധതികൾക്കായി അംഗീകാരം ലഭിച്ച 212.985 കോടി രൂപയിൽ റിലീസ് ചെയ്ത 95.855 കോടി രൂപയാണ്. ഈ പദ്ധതികൾ പൂർത്തിയാക്കുന്നതിന് കേന്ദ്രസർക്കാർ 117.13 കോടി രൂപ കൂടി റിലീസ് ചെയ്യേണ്ടതുണ്ട്. പദ്ധതികൾക്ക് റിലീസ് ചെയ്ത തുക ചെലവഴിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് അടുത്ത ഗഡു റിലീസ് ചെയ്യുന്നത്.

(സി) പ്രഖ്യാപിത പാക്കേജിലെ നിബന്ധന കൾ പ്രകാരം പദ്ധതികൾ ഫല

(സി) പ്രഖ്യാപിത പാക്കേജിന്റെ നിബന്ധനകൾ പ്രകാരം പാക്കേജിലെ പദ്ധതികൾ

| | |
|---|---|
| പ്രദമായി പൂർത്തീകരിക്കാൻ സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ? | ഫലപ്രദമായി പൂർത്തീകരിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. 50 ലക്ഷത്തിന് താഴെ ചെലവുള്ള പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ ഫണ്ടിലും അതിന്മേൽ തുകയ്ക്കുള്ള പദ്ധതികൾക്ക് കേന്ദ്രസർക്കാരിന്റെ തുടർ സ്കീമുകളിൽ ഡി.പി.ആർ തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതികൾക്ക് അംഗീകാരം ലഭിച്ച് നടപ്പിലാക്കി വരുന്നത്. ഇടുക്കി പാക്കേജിന് മാത്രമായി പ്രത്യേക ബഡ്ജറ്റ് അലോക്കേഷൻ ഇല്ലാത്തതിനാൽ പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. എന്നാൽ ചില പദ്ധതികൾക്ക് അതത് സ്കീം പ്രകാരമുള്ള കേന്ദ്രവിഹിതം കുറവായതു കാരണം പദ്ധതി നടപ്പിലാക്കാൻ തടസ്സം നേരിടുന്നുണ്ട്. |

[signature]

**സെക്ഷൻ ഓഫീസർ**